# പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1903** — **07.03.2017-ൽ മറുപടിക്ക്**

## കെ. ദേവകി കൊലചെയ്യപ്പെട്ട സംഭവം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. കുഞ്ഞിരാമൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ഇക്കഴിഞ്ഞ ജനവരി മാസത്തിൽ കാസർകോഡ് ജില്ലയിൽ പെരിയാട്ടടുക്കത്തിനടുത്തുള്ള മുനിക്കൽ കാട്ടിയടുക്കത്തെ കെ.ദേവകി വീട്ടിനുള്ളിൽ കൊലചെയ്യപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ കേസ്സിൽ ആരെയെങ്കിലും ഇതുവരെ പിടികൂടിയിട്ടുണ്ടോ; ഇപ്പോൾ കേസ് അന്വേഷിക്കുന്നത് ആരാണ്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) കെ. ദേവകി കൊലചെയ്യപ്പെട്ട സംഭവത്തിൽ ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 16/17 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. ഈ കേസിന്റെ അന്വേഷണത്തിനിടയിൽ പോസ്റ്റ്മോർട്ടം ചെയ്ത സർജ്ജൻ ഉൾപ്പെടെ 55 ഓളം സാക്ഷികളെ കണ്ടുചോദിച്ച് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. സംശയിക്കുന്ന ആൾക്കാരുടെ മൊബൈൽ ഫോൺ ഹിസ്റ്ററി ശേഖരിച്ച് പരിശോധിച്ചിട്ടുള്ളതും തലമുടി, രക്തം മുതലായവ പരിശോധനയ്ക്ക് അയച്ചിട്ടുള്ളതുമാണ്. പ്രസ്തുത കേസ് കാഞ്ഞങ്ങാട് ഡി.വൈ.എസ്.പി യുടെ മേൽനോട്ടത്തിൽ ബേക്കൽ പോലീസ് ഇൻസ്പെക്ടർക്ക് ചുമതല നൽകി ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ഊർജ്ജിതമായി അന്വേഷണം നടത്തിവരികയാണ്. |
| (സി) ഈ കേസ് മറ്റേതെങ്കിലും ഏജൻസിക്ക് കൈമാറുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ